# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6777

02.11.2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

## യു. ജി. സി. യോഗ്യതയുള്ള അധ്യാപകരുടെ അടിസ്ഥാന ശമ്പളം

**ചോദ്യം**

**ശ്രീ. കെ. രാജു**

**മറുപടി**

**ശ്രീ. പി. കെ. അബ്ദു റബ്ബ്**
**(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | |
|---|---|
| എ) 1-1-1996-നും അതിനുശേഷവും സംസ്ഥാനത്തെ കോളേജുകളിൽ 2060 രൂപ അടിസ്ഥാന ശമ്പളത്തിൽ നിയമനം ലഭിച്ച യു.ജി.സി യോഗ്യതയുള്ള 231 അധ്യാപകരുടെ അടിസ്ഥാന ശമ്പളം 8,000 രൂപയായി ഉയർത്തി നല്കിയ ഉത്തരവ് ഏതെന്ന് വ്യക്തമാക്കുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | എ) 01.01.96 ന ശേഷം 2060-3200 (സ്റ്റേറ്റ് സ്കെയിൽ) എന്ന അടിസ്ഥാന ശമ്പളത്തിൽ നിയമിതരായവർക്ക് ശമ്പളം 8000-13500 എന്ന യുജിസി സ്കെയിലിൽ ഉയർത്തി നല്കാനായി സർക്കാർ പൊതുഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. 14/05/92 ന ശേഷം എയ്ഡഡ് കോളേജുകളിൽ നിയമനം നടത്തുമ്പോൾ യു ജി സി സ്കീമിൽ വരുന്ന നിയമനമാണോ എന്ന് ഐഡന്റിഫൈ ചെയ്തുവേണം നിയമനം നടത്തേണ്ടത്. ഇത് ബന്ധപ്പെട്ട മാനേജ്മെന്റുകളാണ് ചെയ്യേണ്ടത്. |
| ബി) കൊല്ലം , പുനലൂർ ശ്രീനാരായണ കോളേജുകളിൽ 10-3-1997-ൽ 2,060 രൂപ അടിസ്ഥാന ശമ്പളത്തിൽ നിയമനം ലഭിച്ച ശ്രീ. ബൈജു എസ്, ശ്രീ. അനിൽ കുമാർ എസ് എന്നിവരുടെ അടിസ്ഥാന ശമ്പളം 8,000 രൂപയായി ഉയർത്തി നല്കുന്നതിനെതിരെ സർക്കാർ ഹൈക്കോടതിയിൽ കേസ് നടത്തുന്നതിന്റെ അടിസ്ഥാനം എന്തെന്ന് വ്യക്തമാക്കുമോ; | (ബി) 1.1.1996 ന് ശേഷം യു.ജി.സി സ്കീമിൽ നടത്തിയ നിയമനങ്ങളാണ് റിവിഷൻ ഉത്തരവനുസരിച്ചുള്ള സ്കെയിലായ 8000-13500 ൽ വരുന്നത്. എയ്ഡഡ് കോളേജ് അദ്ധ്യാപകരുടെ നിയമനങ്ങൾ മാനേജ് മെന്റാണ് നടത്തുന്നത്. നിയമന ഉത്തരവിൽ ഈ അദ്ധ്യാപകർ യു. ജി. സി സ്കീമിലാണോ എന്നത് മാനേജ്മെന്റ് വ്യക്തമാക്കണം. മാനേജ്മെന്റ് ശ്രീ. ബൈജുവിനെയും ശ്രീ അനിൽ കുമാറിനെയും സ്റ്റേറ്റ് സ്കെയിലിലാണ് നിയമിച്ചിട്ടുള്ളത്. ഈ കാരണത്താ-ലാണ് അടിസ്ഥാന ശമ്പളം ഉയർത്തി നല്കാത്തതിനെതിരെ ഇവർ ഫയൽ ചെയ്ത കേസിൽ വന്ന ബഹു. ഹൈക്കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിരിക്കുന്നത്. |

| | |
|---|---|
| സി) ഇതിനാധാരമായ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (സി) ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. യു.ജി.സി സ്കീമിൽ നടത്തിയ നിയമനങ്ങൾക്ക് റിവൈസ്ഡ് സ്കെയിൽ ഓഫ് പേ നൽകണമെന്ന് പ്രസ്തുത ജി. ഒ നിർ ദ്ദേശിക്കുന്നു. |
| ഡി) 231 പേരുടെ നിയമനത്തിനാധാരമായ ഉത്തരവ് ഇവർക്കും ബാധകമാണോ; ഈ കേസ് തീർപ്പാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) എയ്ഡഡ് കോളേജുകളിൽ 01.01.96 ന ശേഷം നിയമിതരായ 231 പേർക്ക് സ്റ്റേറ്റ് സ്കെയിലിൽ നിന്നും യുജിസി സ്കെയിലിലേക്ക് ശമ്പളം ഉയർത്തി നൽകിയിട്ടുണ്ട് എന്നത് പ്രഥമ ദൃഷ്യാ ശരിയല്ലെന്ന് കാണുന്നു. ഇത് സംബന്ധിച്ച് കോളേജുകളിൽ 'random' പരിശോധന നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ